**ആദിവാസികളുടെ ഭൂമിയും വിഭവങ്ങളും കവർന്നെടുക്കുന്ന വിനാശ വികസനപദ്ധതിയായ ഒറീസയിലെ പോസ്കോ വനാവകാശ നിയമം ലംഘിക്കുന്നതിനെക്കുറിച്ചും സർക്കാർ അതിന് കൂട്ട് നിൽക്കുന്നതിനെക്കുറിച്ചും പ്രശസ്ത പരിസ്ഥിതി പ്രവർത്തകൻ ആഷിഷ് കോത്താരി സംസാരിക്കുന്നു**

# വനാവകാശനിയമം നടപ്പിലാകുന്നുണ്ടോ?

**ഒറീസ്സയിലെ വനാവകാശനിയമത്തിന്റെ അവസ്ഥയെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു?**

ഇന്ത്യയിലൊട്ടാകെ വനാവകാശനിയമം നടപ്പാക്കിയതിൽ തകരാറുണ്ട്. ഒരു തരത്തിൽ ഒറീസ്സ ഭേദമാണെന്നു പറയാം. അതായത് നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾ ദുരീകരിക്കുന്ന തരത്തിൽ സംസ്ഥാന ഗവൺമെന്റ് പുറത്തിറക്കിയ ചില ഓർഡറുകൾ, സംസ്ഥാനതല നിരീക്ഷണസമിതികൾ എന്നിവയൊക്കെ മറ്റ് സംസ്ഥാനങ്ങളേക്കാളും ഭേദമാണ്. എന്നാൽ വ്യക്തിഗതാവകാശങ്ങളും വർഗ്ഗാവകാശങ്ങളും സംരക്ഷിക്കുന്നതിൽ ഗൗരവതരമായ പല പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്.

വിവിധ വിഭാഗങ്ങൾക്ക് നൽകേണ്ട അവകാശങ്ങളുടെ കാര്യത്തിൽ ഗവൺമെന്റ് ഒട്ടും തന്നെ മുന്നോട്ട് നീങ്ങിയിട്ടില്ല. 500–700 വർഗ്ഗങ്ങളെ മാത്രമാണ് ഗവൺമെന്റ് ഇതുവരെ അംഗീകരിച്ചിരിക്കുന്നത്. എന്നാൽ അതിലും നാലോ അഞ്ചോ ഇരട്ടിയാണ് അപേക്ഷകർ. സ്വാർത്ഥ രാഷ്ട്രീയ താല്പര്യങ്ങൾക്കായി വ്യക്തിഗതാവകാശങ്ങൾക്ക് മാത്രം പ്രാമുഖ്യം നൽകുന്ന വനംവകുപ്പ് തന്നെയാണ് ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത്. വർഗ്ഗാവകാശങ്ങൾക്ക് ഗവൺമെന്റ് പ്രാമുഖ്യം നൽകാത്തതിനു കാരണം, അവർ വനഭൂമി ഖനനത്തിനും മറ്റ് വികസന പദ്ധതികൾക്കുമായി വിട്ടുകൊടുക്കാനാണാഗ്രഹിക്കുന്നത്. വനഭൂമിക്ക് മേൽ പ്രാദേശിക ഗോത്രജനവിഭാഗങ്ങൾക്ക് അവകാശമുണ്ടായാൽ ഈ അജണ്ട നടപ്പിലാക്കാൻ ഗവൺമെന്റ് അല്പം ബുദ്ധിമുട്ടും.

**വനാവകാശനിയമം വഴി ഓരോ വിഭാഗത്തിനും പ്രത്യേക സ്ഥാനം നൽകി അംഗീകരിക്കുന്നതിലൂടെ ആദിവാസി മേഖലകളിലെ മാവോയിസം ഇല്ലാതാക്കാൻ കഴിയുമെന്നാണ്**



പോസ്കോ പിൻവാങ്ങണമെന്ന് ആവശ്യപ്പെട്ട് നടന്ന കുട്ടികളുടെ സമരം

**സംസ്ഥാനഗവൺമെന്റ് കരുതുന്നത്. എന്താണഭിപ്രായം?**

വസ്തുനടപ്പാവകാശനിയമത്തിലെ പാളിച്ചകളും വികസനത്തെക്കുറിച്ചുള്ള വ്യക്തതയില്ലായ്മയുമാണ് ഇന്ത്യയിൽ നക്സലിസം വ്യാപിക്കാൻ കാരണം. വനാവകാശനിയമം, ദേശീയതൊഴിലുറപ്പ് നിയമം, വിവരാവകാശനിയമം എന്നീ നിയമങ്ങളെല്ലാം ഇത്തരം കുറവുകൾ ചൂണ്ടിക്കാണിക്കാൻ സഹായിക്കുന്നവയാണ്. പക്ഷേ നക്സലിസത്തെ നേരിടാനുള്ള ഒന്നായി വനാവകാശനിയമത്തെ കാണുന്നത് ശരിയല്ല. ആ നിയമം പ്രാദേശികജനവിഭാഗങ്ങൾക്ക് ആദ്യം തന്നെയുണ്ടായിരുന്ന അടിസ്ഥാനാവകാശത്തെ ഉറപ്പിക്കാൻ വേണ്ടിയുള്ളതാണ്, അല്ലാതെ ഗവൺമെന്റിന്റെ ഔദാര്യമൊന്നുമല്ല. ഗവൺമെന്റിങ്ങനെ അവിടെയുമിവിടെയുമൊക്കെ ചില നിയമങ്ങൾ കൊണ്ടുവന്നാലൊന്നും നക്സലിസത്തെ ഇല്ലാതാക്കാൻ കഴിയില്ല. മറിച്ച് അടിത്തറയിലേ ഇടപെടേണ്ട വിഷയമാണത്.

**വനാവകാശനിയമ പരിശോധനാ സമിതിയിലെ അംഗമെന്ന നിലയിൽ നിശ്ചിത പോസ്കോ പദ്ധതി പ്രദേശം സന്ദർശിച്ച ആളാണല്ലോ നിങ്ങൾ. എന്താണ് നിരീക്ഷണം?**

വനാവകാശനിയമം നടപ്പിലാക്കിയിട്ടുണ്ടോ എന്നും ഈ നിയമപ്രകാരം അർഹരായവരുണ്ടോ എന്ന് മനസ്സിലാക്കാനുമാണ് ഞങ്ങളവിടെ പോയത്. സംസ്ഥാനഗവൺമെന്ററിയിച്ചത് അവിടെ അർഹരായ പട്ടികവിഭാഗക്കാരില്ലെന്നായിരുന്നു. എന്നാൽ അവിടെ ചെന്ന് പഴയതും പുതിയതുമായ കണക്കുകൾ പരിശോധിച്ചപ്പോഴാണ് ഗവൺമെന്റ് കള്ളം പറയുകയാണെന്ന് ഞങ്ങൾക്ക് മനസ്സിലായത്. ചില പട്ടികവിഭാഗക്കാരെ കൂടാതെ പരമ്പരാഗത വനവാസികളെന്ന പേരിൽ വർഗ്ഗീകരിക്കപ്പെട്ടിരിക്കുന്ന, 75 വർഷങ്ങളായി വനത്തെ മാത്രം ആശ്രയിച്ചു പോരുന്ന ആളുകളുമവിടെ ഉണ്ടായിരുന്നു.

പദ്ധതി പ്രദേശത്ത് അർഹരായ ആളുകളുണ്ടെന്നും ഗവൺമെന്റ് ഇവരെ അവഗണിച്ചതുകൊണ്ട് അവർ പരാതി ഫയൽ ചെയ്തുവെന്നും അതിനാൽ പ്രസ്തുത പദ്ധതി നിയമവിരുദ്ധമാണെന്നുമായിരുന്നു ഞങ്ങളുടെ അന്തിമാഭിപ്രായം. വനം-പരിസ്ഥിതി വകുപ്പിന്റെ തന്നെ സർക്കുലർ പ്രകാരം വനാവകാശനിയമനിരീക്ഷണം മുഴുവനാക്കുന്നതിനു മുൻപ് വനഭൂമി വിട്ടുകൊടുക്കാൻ പാടില്ല. മാത്രമല്ല, അതിന് ഗ്രാമസഭയുടെ അനുവാദവും വേണം. ഞാനറിഞ്ഞത് കുറഞ്ഞത് മൂന്ന് ഗ്രാമസഭകളിലെങ്കിലും വനഭൂമി വിട്ടുകൊടുക്കുന്നതിനെതിരെ പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ടെന്നാണ്.

> **സംസ്ഥാനഗവൺമെന്ററിയിച്ചത് അവിടെ അർഹരായ പട്ടികവിഭാഗക്കാരില്ലെന്നായിരുന്നു. എന്നാൽ അവിടെ ചെന്ന് പഴയതും പുതിയതുമായ കണക്കുകൾ പരിശോധിച്ചപ്പോഴാണ് ഗവൺമെന്റ് കള്ളം പറയുകയാണെന്ന് ഞങ്ങൾക്ക് മനസ്സിലായത്. ചില പട്ടികവിഭാഗക്കാരെ കൂടാതെ പരമ്പരാഗത വനവാസികളെന്ന പേരിൽ വർഗ്ഗീകരിക്കപ്പെട്ടിരിക്കുന്ന, 75 വർഷങ്ങളായി വനത്തെ മാത്രം ആശ്രയിച്ചു പോരുന്ന ആളുകളുമവിടെ ഉണ്ടായിരുന്നു**

**എന്നാൽ ജയ്റാം രമേശ് പോസ്കോയ്ക്ക് ഉപാധികളോടെ അനുവാദം നൽകുകയും നിയംഗിരിയിൽ വനാവകാശനിയമത്തിലെ ചില ഘടകങ്ങൾ കൂടുതൽ ശക്തമാണെന്ന് പറയുകയും ചെയ്തു. ഇത് ശരിയാണോ?**

വേദാന്ത പദ്ധതിപ്രദേശമായ നിയംഗിരിയിൽ പോസ്കോപ്രദേശത്തേക്കാൾ കൂടുതൽ ആദിവാസികൾ വസിക്കുന്നുണ്ട്. പക്ഷേ പാരിസ്ഥിതികമായും അവകാശപരമായും വനാവകാശനിയമം, തീരദേശസംരക്ഷണനിയമം, വന്യജീവിസംരക്ഷണനിയമം എന്നീ നിയമങ്ങളുടെ ലംഘനമെന്ന നിലയ്ക്കും രണ്ടിനും തുല്യസ്ഥാനമാണ്. മറിച്ച് വേദാന്തയ്ക്ക് ഖനനത്തിനും റിഫൈനറി വിപുലീകരിക്കാനുമൊക്കെ വേണ്ട അനുവാദത്തിന്മേൽ തടയിടാൻ കഴിഞ്ഞ അതേ ഗവൺമെന്റ് നയത്തിന് പോസ്കോ പദ്ധതി വരാതെ നോക്കാൻ കഴിയുമായിരുന്നു. മാത്രമല്ല, നിയംഗിരിയിൽ തന്നെ വേദാന്തയ്ക്ക് റിഫൈനറി കൂടി ഉണ്ട്. ഇതല്ലെങ്കിൽ അവർക്ക് ധാതുക്കൾ ലഭിക്കുന്ന മറ്റൊരു സ്ഥലം തേടി പോയാൽ മതി.(അവർ ഗന്ധ്മർദാൻ പോലുള്ള സ്ഥലങ്ങൾക്കായി ശ്രമം തുടങ്ങിയെന്നാണറിഞ്ഞത്). എന്നാൽ പോസ്കോയുടെ അവസ്ഥ ഇതല്ല.

വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി നിഷേധിക്കപ്പെട്ടാൽ ആ പദ്ധതി ഒരിക്കലും നടപ്പാകില്ല. കൂടാതെ പ്രധാനമന്ത്രിയുടെ ഓഫീസ് പ്രത്യേകം താല്പര്യമെടുക്കുന്ന, ഇന്ത്യയുടെ വിദേശനിക്ഷേപനയത്തിൽ ഭീമമായ നിക്ഷേപമുള്ള പോസ്കോയെ അങ്ങനെയങ്ങ് തള്ളിക്കളയാൻ ഗവൺമെന്റിന് കഴിയുമോ? ഇന്ത്യയ്ക്ക് ആണവോർജ്ജത്തിൽ താല്പര്യമുണ്ടെന്ന് കണ്ട് ഇന്ത്യയുമായി കരാറൊപ്പിടാൻ പോകുന്ന ഉത്തരകൊറിയ പോസ്കോ പോലുള്ള കമ്പനികളിലൂടെ കോർപ്പറേറ്റ് രംഗത്തും മുദ്ര പതിപ്പിക്കാൻ

നോക്കുകയാണ്.

**വനാവകാശനിയമം ഇത്തരം വികസനപ്രൊജക്റ്റുകൾക്ക് തടസ്സമായിട്ടുണ്ടോ?**

ഉണ്ട്, പക്ഷേ നല്ല രീതിയിൽ. കാരണം വനാവകാശനിയമ പ്രകാരം പദ്ധതികൾ കൃത്യമായിരിക്കണം, പാരിസ്ഥിതിക ദോഷം വരുത്തുന്നതോ സാംസ്കാരികമായി ലോലമോ ആകരുത്, ജനങ്ങൾക്ക് ഉപകാരമുള്ളതായിരിക്കണം എന്നേ പറയുന്നുള്ളൂ. എന്നാൽ യഥാർത്ഥത്തിൽ വികസനപദ്ധതികൾ ജനങ്ങളുടെ വെള്ളവും വനവിഭവങ്ങളുമൊക്കെ ചൂഷണം ചെയ്ത് കൊള്ളയടിക്കുകയാണ്. അതിനെതിരെ ഈ നിയമം ഒരു നല്ല വിലങ്ങുതടിയാണ്.

**കാർട്ടൂൺ** **വി.എസ്. ഗിരീശൻ**




**വനാവകാശനിയമം നിലവിൽ വരുന്നതിനു മുൻപുള്ള പദ്ധതികളോ? അവയ്ക്ക് ഇപ്പോഴത്തെ നിയമം ബാധകമാകുമോ?കാരണം സംയോജിത വനപരിപാലനപരിപാടിയിൽ വനം വകുപ്പ് തന്നെ ചില സംസ്ഥാനങ്ങളിൽ പല പദ്ധതികൾക്കും സമ്മർദ്ദം ചെലുത്താൻ തുടങ്ങിയിട്ടുണ്ട്.**

ഇല്ല, ഒരിക്കലുമില്ല. ആരുടെ പദ്ധതികളായാലും വനാവകാശനിയമലംഘനമായാൽ അനുവദനീയമല്ല. മാത്രമല്ല ഏത് ഗവൺമെന്റ് ഏജൻസിയുമാകട്ടെ ഗ്രാമസഭയുടെ അനുവാദമില്ലെങ്കിൽ ഒരു പദ്ധതിയും നടക്കില്ല.

**ഒരു വശത്ത് വികസനതല്പരരായ ഒറീസ്സാ-കേന്ദ്ര ഗവൺമെന്റുകൾ, മറുവശത്ത് വനാവകാശനിയമത്തിന്റെ സഹായത്തോടെ നാശകാരികളായ വികസന പദ്ധതികളെ ചെറുക്കുന്ന സാധാരണ ജനങ്ങൾ. ഇങ്ങനെ ഏറ്റുമുട്ടുന്ന സാഹചര്യങ്ങളിലല്ലേ ഒരു പ്രത്യേക പ്രദേശം മാവോയിസ്റ്റ് മേഖലയെന്നും കോരാപുട് ജില്ലയിലെ നാരായൺപാട്നയെപ്പോലെ അവകാശസമരം നടത്തുന്നവരെ മാവോയിസ്റ്റ് എന്നുമൊക്കെ വിശേഷിപ്പിക്കുന്ന തരത്തിൽ ഗവൺമെന്റ് കളം മാറ്റിച്ചവിട്ടുന്നത്?**

ജനങ്ങളുടെ മൗലികാവകാശങ്ങൾക്കും വിഭവങ്ങൾക്കുമൊന്നും വില കല്പിക്കാതെ കോർപ്പറേറ്റുകൾക്ക് ഒത്താശ എന്തും ചെയ്യാനുള്ള അവകാശം ഗവൺമെന്റ് നൽകിയാൽ ഇനിയും ഏറ്റുമുട്ടലുകളുണ്ടാകും. വനാവകാശനിയമം ഉണ്ടോ ഇല്ലയോ, ജനങ്ങൾ ഇപ്പോൾ തിരിച്ചറിയുന്നു സ്വന്തം സ്ഥലത്തെ വികസനത്തിൽ അവരുടെ അഭിപ്രായം കൂടി ആരായേണ്ടത് അത്യാവശ്യമാണെന്ന്. വന-വിവരാവകാശ നിയമങ്ങളെല്ലാം അത്തരത്തിൽ ശബ്ദമുയർത്താൻ ജനങ്ങളെ പ്രാപ്തരാക്കുന്നു. ജനാധിപത്യ ഉണർവുകൾ എല്ലായിടത്തുമുണ്ടാകുന്നു. തീർച്ചയായും ഛത്തീസ്ഗഢ് ഗവൺമെന്റ് ചെയ്തതു പോലെ അടിച്ചമർത്തുന്നതിനുള്ള നിയമങ്ങൾ പ്രയോഗിക്കപ്പെടും. ഞങ്ങളുടേതു പോലുള്ള സന്നദ്ധസംഘടനകൾ വികസനവിരോധികളും ദേശദ്രോഹികളും മാവോയിസ്റ്റുകളുമൊക്കെയായി മാറും. മാവോയിസമൊന്നുമില്ലാത്ത ഗുജറാത്ത് പോലുള്ള സ്ഥലങ്ങളിൽ പോലും ഇത്തരം ആളുകളെ മാവോയിസ്റ്റുകളെന്ന് മുദ്ര കുത്തി അടിച്ചമർത്തുകയാണ്.

അവലംബം: ഇന്ത്യാടുഗദറിന് വേണ്ടി പ്രദീപ് ബൈശാഖ് നടത്തിയ അഭിമുഖം. പരിഭാഷ: സബ്ന

*(കല്പവൃക്ഷ് എന്ന സന്നദ്ധസംഘടനയിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി പ്രവർത്തകനാണ് ആശിഷ് കോത്താരി. വനം-പരിസ്ഥിതി മന്ത്രാലയവും ആദിവാസിക്ഷേമ മന്ത്രാലയവും ചേർന്ന് വനാവകാശനിയമം നടപ്പിലാക്കുന്നതന്വേഷിക്കാൻ രൂപം നൽകിയ മന്ത്രിതല സമിതിയിലെ അംഗമായിരുന്നു. )*

## പോസ്കോ സത്യാഗ്രഹം മുഖ്യമന്ത്രിയുടെ വസതിക്കു മുന്നിൽ

ഭുവനേശ്വർ: പോസ്കോ പദ്ധതി ഉപേക്ഷിക്കണമെന്നും പോലീസ് നടത്തുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഇരുപതോളം ജനകീയ സംഘടനകളുടെ നേതൃത്വത്തിൽ ഒറീസ്സ മുഖ്യമന്ത്രിയുടെ വസതിക്കുമുന്നിൽ ജനസത്യാഗ്രഹം നടന്നു. ജൂലൈ 14, 15 തീയ്യതികളിൽ നടന്ന സത്യാഗ്രഹ സമരത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നൂറുകണക്കിന്പേർ പങ്കെടുത്തു. ആസാദി ബചാവോ ആന്ദോളൻ നേതാവ് ബൻവരിലാൽ ശർമ്മ, സർവ്വോദയ നേതാവ് അമർനാഥ് ഭായ്, പ്രമുഖ സോഷ്യലിസ്റ്റ് നേതാവും പോസ്കോ ആന്ദോളൻ നേതാവുമായ പ്രഫുല്ല സാമന്ത്റാ, വിവേകാനന്ദ മാഥത്തെ തുടങ്ങിയവർ സത്യാഗ്രഹത്തിന് നേതൃത്വം നൽകി.